**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. /സഹ തീയതി, തിരുവനന്തപുരം,**

---

പരാമർശം:- 1. 14/07/2015 ലെ സ.ഉ(കൈ) നം. 86/2015/സഹ നമ്പർ സർക്കാർ ഉത്തരവ്.

2. 20/10/2016 ലെ സ.ഉ (കൈ) നം. 40/2016/സഹ നമ്പർ സർക്കാർ ഉത്തരവ്.

3. 21/01/2021 ലെ സ.ഉ (സാധാ) നം. 37/2021/സഹ നമ്പർ സർക്കാർ ഉത്തരവ്.

4. സഹകരണ സംഘം രജിസ്ട്രാറുടെ 07/05/2021 ലെ ഇ.എം(4) 382/19 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ, 01.07.2013 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ശമ്പള പരിഷ്കരണത്തിന്റെ 5 വർഷക്കാലാവധി 30.06.2018 ൽ അവസാനിച്ചതിനെ തുടർന്ന് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി പരാമർശം (3) ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ശമ്പള പരിഷ്കരണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും വിഷയം സഹകരണ സംഘം രജിസ്ട്രാറുമായി ചർച്ച ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ താഴെപ്പറയും പ്രകാരം

പരിഷ്കരിച്ച് ഉത്തരവാകുന്നു. പുതുക്കിയ മാസ്റ്റർ സ്കെയിലും ശമ്പള സ്കെയിലുകളും അനുബന്ധം I ൽ ചേർത്തിരിക്കുന്നു.

**1. പ്രാബല്യത്തീയതി**

ഈ ശമ്പള പരിഷ്കരണത്തിന് 01.07.2018 മുതൽ അഞ്ചു വർഷത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**2. ശമ്പള നിർണ്ണയ രീതി**

പരിഷ്കരിച്ച ശമ്പള സ്കെയിലിൽ ശമ്പളം താഴെ പറയുന്ന രീതിയിൽ നിർണ്ണയിക്കേണ്ടതാണ്.

1. പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യ തീയതി 01.07.2018 ആയിരിക്കുന്നതാണ്.
2. 01.07.2018-ൽ സർവ്വീസിൽ തുടരുന്ന എല്ലാ സ്ഥിരം ജീവനക്കാരും 01.07.2018 മുതൽ പ്രാബല്യത്തിൽ വരുന്ന പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പരിധിയിലായിരിക്കും. 01.07.2018-നോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിക്കുന്നവർ പരിഷ്കരിച്ച ശമ്പള സ്കെയിലിൽ സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കുന്നതാണ്.
3. 01.07.2018-ലെ നിലവിലെ ശമ്പള സ്കെയിലിൽ എന്നത് 14.07.2015 തീയതിയിലെ സ.ഉ.(കൈ)നം.86/2015/സഹ, 20.10.2016 തീയതിയിലെ സ.ഉ.(കൈ)നം. 40/2016/സഹ. എന്നീ ഉത്തരവുകൾ പ്രകാരം ഉത്തരവായ ശമ്പള സ്കെയിലുകളായിരിക്കും.
4. നിലവിലെ ശമ്പളം എന്നത് 01.07.2018-ലെ അടിസ്ഥാന ശമ്പളം, 01.07.2018-ന് ലഭിക്കേണ്ട ഇൻക്രിമെന്റ് ഉണ്ടെങ്കിൽ ആയത് ഉൾപ്പെടെയുള്ളതാണ്. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളും ഇതിനായി കണക്കാക്കുന്നതാണ്.
5. ഉപ ഖണ്ഡിക മുകളിൽ (4) ന്റെ 45 ശതമാനം ക്ഷാമബത്ത.
6. ഉപ ഖണ്ഡിക മുകളിൽ (4) ന്റെ 7 ശതമാനം ഫിറ്റ്മെന്റ് ആനുകൂല്യമായും പൂർത്തിയാക്കിയ ഓരോ വർഷത്തിനും അരശതമാനം (1/2%) എന്ന കണക്കിൽ പരമാവധി 12 ശതമാനം തുക സർവ്വീസ് വെയ്റ്റേജായും കണക്കാക്കേണ്ടതാണ്.
7. ഉപ ഖണ്ഡിക മുകളിൽ (4)+(5)+(6) പ്രകാരം കൂട്ടികിട്ടിയ തുക പരിഷ്കരിച്ച ശമ്പള സ്കെയിലിലെ ഒരു സ്റ്റേജാണെങ്കിൽ അതിലും അല്ലെങ്കിൽ തൊട്ടടുത്ത ഉയർന്ന സ്റ്റേജിലും ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.
8. ഇപ്രകാരം ലഭിക്കുന്ന തുക പുതിയ ശമ്പള സ്കെയിലിലെ പരമാവധി തുകയിൽ അധികരിക്കുകയാണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും അധികമായി വരുന്ന തുക പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതും ആയത് തുടർന്ന് ലഭിക്കുന്ന ഇൻക്രിമെന്റിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ഈ പേഴ്സണൽ പേ എല്ലാ ആനുകൂല്യങ്ങൾക്കും അതായത് തുടർന്നുള്ള ശമ്പള നിർണ്ണയത്തിനും ലീവ് സറണ്ടറിനും ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്.

3. **ഇൻക്രിമെന്റ്**

01.07.2018-ന് ശേഷം ഏതു തീയതിയിലാണോ ഇൻക്രിമെന്റ് ലഭിക്കേണ്ടത് അതേ തീയതിയിൽ തന്നെ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്.

4. **സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്**

പരമാവധി അഞ്ച് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്. ആയതിൽ നാലെണ്ണം വാർഷിക അടിസ്ഥാനത്തിലും അഞ്ചാമത്തേത് രണ്ട് വർഷം കഴിഞ്ഞുമാണ് അനുവദിക്കുന്നത്. എന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ച ശേഷമുള്ള അടിസ്ഥാന ശമ്പളം ബന്ധപ്പെട്ട മാസ്റ്റർ സ്കെയിലിലെ ഉയർന്ന നിരക്കിൽ (higher maximum) കൂടാൻ പാടില്ല.

5. **ക്ഷാമബത്ത**

01.07.2018-ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 45 ശതമാനം ക്ഷാമബത്ത ലയിപ്പിച്ച ശേഷം താഴെ പറയുന്ന ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

| | |
|---|---|
| 01.07.2018 | 52% |
| 01.01.2019 | 57% |
| 01.07.2019 | 63% |
| 01.01.2020 | 70% |
| 01.07.2020 | 76% |

തുടർന്നുള്ള ക്ഷാമബത്ത പ്രത്യേക സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിക്കും.

6. **വീട്ടുവാടക**

പരിഷ്കരിച്ച ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 12% (പരമാവധി 5000/- രൂപ (അയ്യായിരം രൂപ മാത്രം)) വീട്ടുവാടക അലവൻസായി അനുവദിക്കാവുന്നതാണ്.

7. **സിറ്റി കോമ്പൻസേറ്ററി അലവൻസ്**

സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹമായ നിരക്ക്. (സർക്കാരുദ്യോഗസ്ഥരുടെ ശമ്പളപരിഷ്കരണഉത്തരവിലെ ഖണ്ഡിക 17 പ്രകാരം സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കിയിട്ടുണ്ട്.)

8. **മെഡിക്കൽ അലവൻസ്**

മെഡിക്കൽ അലവൻസിനുപകരം മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി സമയബന്ധിതമായി നടപ്പിൽ വരുത്തേണ്ടതാണ്. അതുവരെ മെഡിക്കൽ അലവൻസായി പ്രതിവർഷം 3000/- രൂപ (മൂവായിരം രൂപ മാത്രം) അനുവദിക്കാവുന്നതാണ്.

9. **പെർമനന്റ് ട്രാവലിംഗ് അലവൻസ് (പി.റ്റി.എ.)**

അഗ്രികൾച്ചറൽ ഓഫീസർമാർക്ക് പി.റ്റി.എ.യ്ക്ക് അർഹതയുണ്ടായിരിക്കുന്ന താണ്. ഒരു താലൂക്ക് മാത്രം പ്രവർത്തന പരിധിയുള്ളവർക്ക് 2000/- രൂപയും (രണ്ടായിരം രൂപ മാത്രം) ഒന്നിൽ കൂടുതൽ താലൂക്കുകൾ പ്രവർത്തനപരിധി മേഖലയിലുള്ളവർക്ക് 2250/- രൂപയും (രണ്ടായിരത്തി ഇരുനൂറ്റി അൻപത് രൂപ മാത്രം) അനുവദിക്കാവുന്നതാണ്. എട്ട് കിലോമീറ്ററിൽ അധികം യാത്ര ചെയ്യേണ്ട ദിവസങ്ങൾ 15 ആയി നിജപ്പെടുത്തിയിരിക്കുന്നു.

10. **ലീവ് ട്രാവൽ കൺസഷൻ**

സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന അതേ നിരക്കിലും വ്യവസ്ഥയിലും അനുവദിക്കാവുന്നതാണ്.

11. **കണ്ണട അലവൻസ്**

കണ്ണട അലവൻസായി സേവന കാലാവധിയിൽ ഒരു പ്രാവശ്യം 1750/- രൂപ (ആയിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) അനുവദിക്കാവുന്നതാണ്.

**12. ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സംസ്ഥാന ജീവനക്കാർക്ക് അനുവദനീയമായ അതേ നിരക്കിൽ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.**

13. **സമയബന്ധിത ഹയർഗ്രേഡ്**

സബ് സ്റ്റാഫ് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്കും പാർട്ട്ടൈം ജീവനക്കാർക്കും എട്ട് വർഷത്തെ സർവ്വീസിന് ഒന്ന്, 16 വർഷത്തെ സർവ്വീസിന് രണ്ട്, 23 വർഷത്തെ സർവ്വീസിന് മൂന്ന്, 28 വർഷത്തെ സർവ്വീസിന് നാല് എന്നിങ്ങനെ പരമാവധി 4 സമയബന്ധിത ഹയർഗ്രേഡുകളും ഇതര ജീവനക്കാർക്ക് എട്ട് വർഷത്തെ സർവ്വീസിന് ഒന്ന്, 16 വർഷത്തെ സർവ്വീസിന് രണ്ട് എന്നിങ്ങനെ പരമാവധി 2 സമയബന്ധിത ഹയർഗ്രേഡുകളും അനുവദിക്കാവുന്നതാണ്.

14. **ഓപ്ഷൻ**

ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിൽ ഓപ്ഷൻ ഒഴിവാക്കി പ്രാബല്യ തീയതി തന്നെ മുഴുവൻ ജീവനക്കാരുടെയും ശമ്പള നിർണ്ണയം നടപ്പാക്കുന്നതാണ്. അതിനാൽ ഓപ്ഷന് അവസരം ഉണ്ടായിരിക്കുന്നതല്ല.

15. **മറ്റ് അലവൻസുകൾ**

അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്ന പ്രകാരമുള്ള അലവൻസുകൾക്ക് ബന്ധപ്പെട്ട വിഭാഗങ്ങളിലെ ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**വീട്ടുവാടക, ഉൾപ്പടെയുള്ള** അലവൻസുകൾക്കുള്ള പ്രാബല്യം ഉത്തരവ് തീയതി മുതൽ മാത്രമായിരിക്കും .

2) ശമ്പളവും അലവൻസുകളും നിർണ്ണയിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുകയാണെങ്കിൽ അത്തരം സംശയങ്ങൾ സഹകരണ സംഘം രജിസ്ട്രാർ ദൂരീകരിക്കേണ്ടതാണ്. ഇപ്രകാരം രജിസ്ട്രാർ മുമ്പാകെ ബാങ്ക് ഉന്നയിക്കുന്ന സംശയങ്ങൾ ആവശ്യമെങ്കിൽ സഹകരണ സംഘം രജിസ്ട്രാർ സർക്കാരിലേയ്ക്ക് അയച്ച് സംശയനിവാരണം വരുത്താവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസനബാങ്ക് തിരുവനന്തപുരം.

ജനറൽ മാനേജർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് , തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ടെക്നിക്കൽ സ്റ്റാഫ് അസോസിയേഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ.&പി.ആർ.ഡി

കരുതൽ ഫയൽ.

പകർപ്പ്:-

1. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്
3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ ക്ക്

ANNEXURE I

**ശമ്പള സ്കെയിൽ**

**മാസ്റ്റർ സ്കെയിൽ**

9300-300/4-10500-350/5-12250-400/5-14250-450/4-16050-500/6-19050-600/6-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/6-76650-2000/6-88650-2300/5-100150-2600/3-107950

**പരിഷ്കരിച്ച ശമ്പള സ്കെയിൽ**

| തസ്തിക | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|
| 1. Part Time Sweeper | 6200-180/4-6920-200/3-7520-230/3-8210-260/2-8730-300/2-9330-350/4-10730-400/2-11530-450/2-12430-500/1-12930-550/2-14030 (25) | 9300-300/4-10500-350/5-12250-400/5-14250-450/4-16050-500/6-19050-600/1-19650 (25) |
| 2. Guest Room Assistant | 10380-350/1-10730-400/2-11530-450/2-12430-500/1-12930-550/2-14030-600/2-15230-650/1-15880-700/2-17280-750/1-18030-800/2-19630-850/4-23030 (20) | 15150-450/2-16050-500/6-19050-600/6-22650-700/5-26150-800/3-28550 (22) |
| 3. Peon / Lift Operator / Watchman / Room Attender | 11980-450/1-12430-500/1-12930-550/2-14030-600/2-15230-650/1-15880-700/2-17280-750/1-18030-800/2-19630-850/4-23030-900/2-24830-950/1-25780-1000/4-29780-1050/2-31880-1100/2-34080-1150/3-37530-1200/2-39930 (32) | 16550-500/5-19050-600/6-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/3-42950 (34) |

| | | |
|---|---|---|
| 4. Attender / Record Keeper / Driver / Daffedar / Electrician | 13480-550/1-14030-600/2-15230-650/1-15880-700/2-17280-750/1-18030-800/2-19630-850/4-23030-900/2-24830-950/1-25780-1000/4-29780-1050/2-31880-1100/2-34080-1150/3-37530-1200/2-39930-1250/2-42430-1300/3-46330-1350/2-49030 (36) | 19050-600/6-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/1-52800 (37) |
| 5. Assistant/ /Typist /Stenographer/ Surgeant / Receptionist/ Telephone Operator | 16580-700/1-17280-750/1-10830-800/2-19630-850/4-23030-900/2-24830-950/1-25780-1000/4-29780-1050/2-31880-1100/2-34080-1150/3-37530-1200/2-39930-1250/2-42430-1300/3-46330-1350/2-49030-1400/1-50430-1475/1-51905-1550/2-55005 (35) | 24750-700/2-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/3-63050 (35) |
| 6. Assistant Manager/Agricultural Officer/PA to MD/Law Officer /Statistical Officer | 20480-850/3-23030-900/2-24830-950/1-25780-1000/4-29780-1050/2-31880-1100/2-34080-1150/3-37530-1200/2-39930-1250/2-42430-1300/3-46330-1350/2-49030-1400/1-50430-1475/1-51905-1550/2-55005-1625/2-58255-1700/3-63355-1775/2-66905 (37) | 30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/5-74900 (35) |
| 7. Deputy Manager / ADO / Management Trainee | 22180-850/1-23030-900/2-24830-950/1-25780-1000/4-29780-1050/2-31880-1100/2-34080-1150/3-37530-1200/2-39930-1250/2-42430-1300/3-46330-1350/2-49030-1400/1-50430-1475/1-51905-1550/2-55005-1625/2-58255-1700/3-63355-1775/2-66905-1850/2-70605 (37) | 32850-900/2-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/6-76650-2000/2-80650 (35) |
| 8. Finance Manager/ ADM/ Care Faculty / Regional Manager | 25780-1000/4-29780-1050/2-31880-1100/2-34080-1150/3-37530-1200/2-39930-1250/2-42430-1300/3-46330-1350/2-49030-1400/1-50430-1475/1-51905-1550/2-55005-1625/58255-1700/3-63355- | 37650-1000/2-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/6-76650-2000/4-84650 (32) |

| | | |
|---|---|---|
| | 1775/2-66905-1850/3-72455-1925/76305 (36) | |
| 9. Administration Officer/CIO/ Principal (SCT)/Chief Inspecting Officer | 29780-1050/2-31880-1100/2-34080-1150/3-37530-1200/2-39930-1250/2-42430-1300/3-46330-1350/2-49030-1400/1-50430-1475/1-51905-1550/55005-1625/2-58255-1700/3-63355-1775/2-66905-1850/3-72455-1925/3-78230-2000/1-80230 (34) | 44050-1100/1-45150-1250/5-51400-1400/5-58400-1550/5-66150-1750/6-76650-2000/6-88650-2300/2-93250 (30) |
| 10. General Manager | 35230-1150/2-.37530-1200/2-39930-1250/2-39930-1250/2-42430-1300/3-46330-1350/2-49030-1400/1-50430-1475/1-51905-1550/2-55005-1625/2-58255-1700/3-63355-1775/2-66905-1850/3-72455-1925/3-78230-2000/2-82230-2075/1-84305-2150/1-86455 (32) | 58400-1550/5-66150-1750/6-76650-2000/6-88650-2300/5-100150-2600/3-107950 (25) |

**Higher Grade Scale**

| Name of Post | Scale of Pay | Grade-I | Grade-II | Grade-III | Grade-IV |
|---|---|---|---|---|---|
| 1. Guest Room Assistant | 15150-450/2-16050-500/6-19050-600/6-22650-700/5-26150-800/3-28550 (22) | 16550-500/5-19050-600/6-22650-700/5-26150-800/5-30150 | 17550-500/3-19050-600/6-22650-700/5-26150-800/5-30150-900/3-32850 | 18550-500/1-19050-600/6-22650-700/5-26150-800/5-30150-900/5-34650 | 19650-600/5-22650-700/5-26150-800/5-30150-900/5-34650-1000/2-36650 |
| 2. Peon / Lift Operator / Watchman / Room Attender | 16550-500/5-19050-600/6-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/3-42950 (34) | 18550-500/1-19050-600/6-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/5-45150 | 19650-600/5-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/2-47650 | 20850-600/3-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/4-50150 | 22050-600/1-22650-700/5-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/1-52800 |
| 3. Attender / Record Keeper / Driver / | 19050-600/6-22650-700/5-26150-800/5-30150-900/5-34650-1000/5-39650- | 2850-600/3-22650-700/5-26150-800/5-30150-900/5- | 22050-600/1-22650-700/5-26150-800/5-30150-900/5- | 23350-700/4-26150-800/5-30150-900/5-34650-1000/5-39650- | 24750-700/2-26150-800/5-30150-900/5-34650-1000/5- |

| | | | | | |
|---|---|---|---|---|---|
| Daffedar / Electrician | 1100/5-45150-1250/5-51400-1400/1-52800 (37) | 34650-1000/5-39650-1100/5-45150-1250/5-51400-1400/3-55600 | 34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400 | 1100/5-45150-1250/5-51400-1400/5-58400-1550/2-61500 | 39650-1100/5-45150-1250/5-51400-1400/5-58400-1550/4-64600 |
| 4. Part Time Sweeper | 9300-300/4-10500-350/5-12250-400/5-14250-450/4-16050-500/6-19050-600/1-19650 (25) | 9600-300/3-10500-350/5-12250-400/5-14250-450/4-16050-500/6-19050-600/6-22650-700/1-23350 | 10200-300/1-10500-350/5-12250-400/5-14250-450/4-16050-50/6-19050-600/6-22650/700/3-24750 | 10850-350/4-12250-400/5-14250-450/4-16050-500/6-19050-600/6-22650-700/5-26150 | 11550-350/2-12250-400/5-14250-450/4-16050-500/6-19050-600/6-22650-700/5-26150-800/2-27750 |

**Higher Grade Scale**

| Name of Post | Revised Scale of Pay | Grade-I | Grade-II |
|---|---|---|---|
| 1. Assistant / Typist / Stenographer / Surgeant / Receptionist / Telephone Operator | 24750-700/2-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/3-63050 (35) | 25450-700/1-26150-800/5-30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/4-64600 | 27750-800/3-30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/1-67900 |
| 2. Assistant Manager / Agricultural Officer / PA to MD / Law Officer / Statistical Officer | 30150-900/5-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/5-74900 (35) | 31950-900/3-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/6-76650-2000/1-78650 | 33750-900/1-34650-1000/5-39650-1100/5-45150-1250/5-51400-1400/5-58400-1550/5-66150-1750/6-76650-2000/3-82650 |

ANNEXURE II

| Sl. No. | Allowances | Existing | Revised |
|---|---|---|---|
| 1 | Washing allowance | 175 | 200 |
| 2 | Guest room boy allowance | 200 | 225 |
| 3 | Cycle allowance to messengers (including Regional Offices) | 200 | 225 |
| 4 | Surgeant's allowance | 150 | 175 |
| 5 | Allowance to Daffedar or Attender working as Daffedar | 125 | 150 |
| 6 | Peon or Attender working as lift operator | 150 | 175 |
| 7 | Electrician | 150 | 175 |
| 8 | Peon or Attender working as Telephone Operator | 150 | 175 |
| 9 | Peon or Attender working as photo copyist | 150 | 175 |
| 10 | Night duty allowance | 125 | 175 |
| 11 | Allowance to drivers/vehicles supervisors | 150 | 200 |
| 12 | Allowance to drivers to cars allotted to Managing Director or President | 200 | 250 |
| 13 | Stenographer allowance | 175 | 200 |

| | | | |
|---|---|---|---|
| | | | |